## അനുബന്ധം എച്ച് -4

## അറിയിപ്പ്

കരുനാഗപ്പള്ളി സബ് ട്രഷറിയിലെ ട്രഷറർ (നിലവിൽ സസ്പെൻഷനിൽ) ശ്രീ.എം.മുജീബിനെ അറിയിക്കുന്നത് എന്തെന്നാൽ, താങ്കൾ കഴക്കൂട്ടം സബ് ട്രഷറിയിൽ ട്രഷററായി സേവനമനുഷ്ഠിക്കവെ നടത്തിയ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് 10/09/2024-ലെ റ്റി.ആർ.വൈ/3231/2024-വിജി 1 (6) നമ്പർ പ്രകാരം ട്രഷറി ഡയറക്ടർ ഇഷ്യൂ ചെയ്തിട്ടുള്ള കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും താങ്കളുടെ സേവനപുസ്തകത്തിലെ മേൽവിലാസത്തിലേയ്ക്ക് കരുനാഗപ്പള്ളി സബ് ട്രഷറി ഓഫീസർ രജിസ്റ്റേർഡ് തപാലിൽ അയച്ചെങ്കിലും " Unclaimed " എന്ന കുറിപ്പോടുകൂടി തപാൽ അധികാരികൾ ടി തപാൽ തിരികെ ലഭ്യമാക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കൾക്ക് കുറ്റാരോപണ മെമ്മോയ്ക്കും കുറ്റാരോപണ പത്രികയ്ക്കും എന്തെങ്കിലും മറുപടി സമർപ്പിക്കാനുള്ള പക്ഷം ആയത് എഴുതി തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ താങ്കൾ മറുപടി സമർപ്പിക്കാത്തപക്ഷം താങ്കൾക്ക് ടി വിഷയത്തിൽ ഒന്നും ബോധിപ്പിക്കുവാനില്ല എന്ന അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. താങ്കൾ കൈപ്പറ്റാതെ മടങ്ങിവന്ന കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും ഏത് മേൽവിലാസത്തിലേക്കാണ് ലഭ്യമാക്കേണ്ടതെന്നത് സംബന്ധിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ ഓഫീസ് പ്രവർത്തന സമയത്തോ / തപാൽ മുഖാന്തിരമോ ട്രഷറി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതുമാണ്.

വി .സാജൻ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

ശ്രീ.എം.മുജീബ്
ട്രഷറർ (നിലവിൽ സസ്പെൻഷനിൽ)
സബ് ട്രഷറി കരുനാഗപ്പള്ളി